പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1864 — 05.02.2019 ൽമറുപടിയ്ക്ക്

## കരിങ്ങാച്ചിറയിലെ വാഹന ഫിറ്റ്നസ് പരിശോധന

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പിറവം നിയോജക മണ്ഡലത്തിലെ തിരുവാങ്കുളം കരിങ്ങാച്ചിറയിൽ വാഹന ഫിറ്റ്നസ് പരിശോധന നടത്തുന്നത് മൂലം സ്ഥലത്തുണ്ടാകുന്ന ഗതാഗതക്കുരുക്കും അനുബന്ധ പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാഹന പരിശോധന നടത്തുന്നതുകൊണ്ട് ഗതാഗതക്കുരുക്ക് ഉണ്ടായതായി നാളിതുവരെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി), & (സി) | പ്രസ്തുത സ്ഥലത്ത് വാഹന പരിശോധന നടത്തുന്നതിന് എതിർപ്പ് ഉന്നയിച്ചുകൊണ്ട് സമീപവാസികളും റസിഡൻസ് അസോസിയേഷനുകളും നിവേദനം നൽകിയിരുന്നു. തുടർന്ന് എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിൽ 40.47 ആർ പുറമ്പോക്ക് ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഡ്രൈവിംഗ് ടെസ്റ്റ് യാർഡ് നിർമ്മിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിന് വകുപ്പുതല ശുപാർശയോടെ നിർദ്ദേശം റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം മോട്ടോർ വാഹന വകുപ്പിന് ലഭ്യമായി പ്രവർത്തന സജ്ജമായാൽ വാഹന പരിശോധന പ്രസ്തുത സ്ഥലത്തേയ്ക്ക് മാറ്റാൻ കഴിയുന്നതാണ്. |
| (സി) | കൂടുതൽ സ്ഥലസൗകര്യമുള്ള പ്രദേശത്തേയ്ക്ക് വാഹന ഫിറ്റ്നസ് പരിശോധന മാറ്റി പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ